(ബി) ഇതിനിടയായ സാഹചര്യം സംസ്ഥാനത്ത് ഇപ്പോൾ എത്രത്തോളം നിലവിലുണ്ട് ; സ്ത്രീകൾ ബസ്സുകളിലും ടെയിനുകളിലും മറ്റ് വാഹനങ്ങളിലും സുരക്ഷിതർ അല്ലെന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിയുടെ പൈലറ്റ് പ്രോജക്ടിന്റെ പ്രവർത്തനം അവലോകനം ചെയ്യുകയുണ്ടായോ ;

(ഡി) ഇതിനായി രൂപീകരിച്ച കമ്മിറ്റി എത്ര തവണ യോഗം ചേരുക യുണ്ടായി ;

(ഇ) ഇതിന്റെ ഭാഗമായി കേരള പോലീസിൽ രൂപീകരിച്ച വനിതാ ബറ്റാലിയന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) രൂപീകരിച്ചിട്ടുണ്ട്.

(ബി) ബസ്സുകളിലും ടെയിനുകളിലും മറ്റ് വാഹനങ്ങളിലും എല്ലായിടത്തും സ്ത്രീകളുടെ സുരക്ഷയ്ക്കുവേണ്ടി സർക്കാരിന്റെ ഭാഗത്തുനിന്നും എല്ലാവിധ സുരക്ഷാ സംവിധാനങ്ങളും നടപ്പാക്കുന്നുണ്ട്. ആയതിന്റെ ഭാഗമായാണ് നിർഭയ കേരളം സുരക്ഷിത കേരളം പദ്ധതി ആരംഭിച്ചിട്ടുള്ളത്. കൂടാതെ ഇതുസംബന്ധിച്ച ബോധ വൽക്കരണ ക്ലാസ്സുകളും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ പ്രതിരോധിക്കുവാൻ വേണ്ടി വുമൻ സെൽഫ് ഡിഫൻസ് ടെക്നിക്ക് (WSDT)-ൽ ടെയിനിംഗ്രം നൽകി വരുന്നു.

(സി) അവലോകനം ചെയ്തിട്ടുണ്ട്.

(ഡി) 2015-ൽ 5 തവണ യോഗം ചേരുകയുണ്ടായി.

(ഇ) ഇതിന്റെ ഭാഗമായി വനിതാബറ്റാലിയൻ രൂപീകരിച്ചിട്ടില്ല.

ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി

183 (3003) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി സംബന്ധിച്ച് വിദ്യാർത്ഥി സംഘടനകളുമായി ചർച്ചകൾ നടത്തുന്നതിനും കാമ്പസുകളിൽ വ്യാപകമായ പ്രചരണങ്ങൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സ്കൂൾ പരിസരത്ത് പുകയില ലഹരിയുൽപ്പന്നങ്ങൾ വിൽക്കുന്ന കടകളുടെ ലൈസൻസുകൾ റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിച്ച് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പ്രോൽസാഹനം നൽകുന്നതിനായി അവാർഡുകൾ ഏർപ്പെടുത്തുന്നതുൾപ്പെടെയുള്ള കാര്യം പരിഗണിക്കുമോ ;

(ഡി) പുകയില, ലഹരി ഉൽപ്പന്നങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്കൂളുകളിലും വാർത്താമാധ്യമങ്ങളിലും കൂടുതൽ പ്രചരണങ്ങൾ നിലവിൽ നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി സംബന്ധിച്ച് വിദ്യാർത്ഥി സംഘടനകളുമായി ചർച്ചകൾ നടത്തി കാമ്പസുകളിൽ വ്യാപകമായ പ്രചരണങ്ങൾ നടത്തിവരുന്നുണ്ട്.

(ബി) സ്കൂൾ, കോളേജ് കാമ്പസുകളുടെ 100 മീറ്റർ ചുറ്റളവിലുള്ള സ്ഥലങ്ങളിൽ കഞ്ചാവ്, മയക്കുമരുന്ന്, പാൻമസാല, പുകയില ഉൽപ്പന്നങ്ങൾ, അശ്ലീല മാഗസിനുകൾ/സി.ഡി.കൾ എന്നിവയുടെ വിൽപ്പന കർശനമായി നിരോധിക്കുകയും നിരന്തരം റെയ്ഡുകൾ നടത്തി ഇത്തരം ഉൽപ്പന്നങ്ങൾ പിടിച്ചെടുക്കുകയും കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(സി) അവാർഡ് നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പുകയില ലഹരി ഉൽപ്പന്നങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്. സംസ്ഥാനത്തെ സ്കൂൾ- കോളേജ് കാമ്പസുകൾ ലഹരി വിമുക്തമാക്കാൻ കർശനമായ നടപടികളാണ് പോലീസ് വകുപ്പ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ലഹരി മാഫിയകളെ കണ്ടെത്തുന്നതിനായി വിദ്യാലയ പരിസരങ്ങളിൽ റെയ്ഡുകൾ നടത്തിയും സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെയും സ്കൂൾ ജാഗ്രതാ സമിതികളുടെയും സഹായത്തോടെ ലഹരി വസ്തുക്കൾ കണ്ടെത്തുന്നതിനായി വിദ്യാലയങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

പരിശോധനകൾ നടത്തിയും കറ്റക്കാർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചും ഫലപ്രദമായ നടപടികളാണ് പോലീസ് വകപ്പ് ഈ പദ്ധതികളിലൂടെ നടപ്പിലാക്കുന്നത്. നിരോധിത ഉൽപ്പന്നങ്ങളുടെ വിൽപ്പന സംബന്ധിച്ച വിവര ശേഖരണത്തിന് 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ്' പദ്ധതിയുടെ സ്കൂൾ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി, ഷാഡോ പോലീസ്, സ്കൂൾ ജാഗ്രതാ സമിതി, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ എന്നിവർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്കൂൾ, കോളേജ് കാമ്പസുകളുടെ 100 മീറ്റർ ചുറ്റളവിലുള്ള സ്ഥലങ്ങളിൽ കഞ്ചാവ്, മയക്കുമരുന്ന്, പാൻമസാല, പുകയില ഉൽപ്പന്നങ്ങൾ, അശ്ലീല മാഗസിനുകൾ/ സി.ഡി.കൾ എന്നിവയുടെ വിൽപ്പന കർശനമായി നിരോധിക്കുകയും റെയ്ഡുകൾ നടത്തി ഇത്തരം ഉൽപ്പന്നങ്ങൾ പിടിച്ചെടുക്കുകയും കറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ലഹരിക്കെതിരെ സെമിനാറുകളും പി.ടി.എ. യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്. സ്കൂളുകൾ കേന്ദ്രീകരിച്ച് രൂപീകരിക്കുന്ന സ്റ്റുഡന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ മാസത്തിലൊരിക്കൽ യോഗം ചേർന്ന് പുകയില വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിദ്യാഭ്യാസവകുപ്പിന് പുറമെ ആഭ്യന്തര, ആരോഗ്യ, എക്സൈസ്, ട്രാൻസ്പോർട്ട്, ലോക്കൽ സെൽഫ് ഗവൺമെന്റ് വകുപ്പുകൾ, പ്രിന്റ് ആന്റ് വിഷ്വൽ മീഡിയ, പി.ടി.എ., കച്ചവടക്കാർ, ഓട്ടോ/ടാക്സി ഡ്രൈവർമാർ, അതാത് പ്രദേശത്തെ റസിഡൻഷ്യൽ അസോസിയേഷനുകൾ എന്നിവർ പ്രസ്തുത പദ്ധതിയുമായി സഹകരിച്ചുവരുന്നു.

പോലീസ് സേനയിലെ വനിതാ ജീവനക്കാർ

184 (3004) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ നിലവിൽ എത്ര ശതമാനം വനിതാ ജീവനക്കാരുണ്ട് ; ഇത് 33 ശതമാനം ആയി ഉയർത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇക്കാര്യത്തിലെ കേന്ദ്രസർക്കാർ നിർദ്ദേശങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത നിർദ്ദേശങ്ങളിൽ, സംസ്ഥാന സർക്കാർ നടപ്പാക്കിയ നിർദ്ദേശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

(സി) വനിതാ ജീവനക്കാരുടെ എണ്ണം 33 ശതമാനമാക്കുന്നതിനായി ഈ സർക്കാർ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു എന്നും എത്ര പേർക്ക് ഈ സർക്കാർ കാലയളവിൽ നിയമനം നൽകി എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly